القواعد الأربع

# നാല് അടിസ്ഥാന തത്വങ്ങൾ

ശൈഖ് മുഹമ്മദ് ഇബ്നു അബ്ദിൽ വഹാബ്

# القواعد الأربع

للشيخ الإسلام محمد بن عبد الوهاب رحمه الله

# നാല് അടിസ്ഥാന തത്വങ്ങൾ

ശയ്ഖുൽ ഇസ്‌ലാം മുഹമ്മദ് ബ്‌നു അബ്ദുൽ വഹാബ്

## بسم الله الرحمن الرحم

**أسأل الله الكريم، رب العرش العظيم، أن يتولاك في الدنيا والآخرة، وأن يجعلك مبارك أين ما كنت، وأن يجعلك ممن إذا أعطي شكر، وإذا ابتلي صبر، وإذا أذنب استغفر، فإن هذه الثلاث: عنوان السعادة.**

അത്യുദാരനും മഹത്തായ അർശിന്നുടയവനുമായ അല്ലാഹുവിനോട് നിന്നെ ഇഹത്തിലും പരത്തിലും രക്ഷിക്കാൻ ഞാൻ പ്രാർത്ഥിക്കുന്നു. നീ എവിടെയായിരുന്നാലും നിന്നിൽ അനുഗ്രഹം ചൊരിയാനും ഞാൻ പ്രാർത്ഥിക്കുന്നു. നൽകപ്പെട്ടാൽ നന്ദി കാണിക്കുന്നവരിലും പരീക്ഷണങ്ങ-ളിൽ അകപ്പെട്ടാൽ ക്ഷമിക്കുന്നവരിലും തെറ്റുകൾ ചെയ്താൽ പാപമോചനം തേടുന്നവരിലും നിന്നെ ഉൾപ്പെടുത്തുവാനും ഞാൻ പ്രാർത്ഥിക്കുന്നു. എന്തു-കൊണ്ടെന്നാൽ ഈ മൂന്ന് കാര്യങ്ങളാണ് സൗഭാഗ്യത്തിന്റെ അടയാളങ്ങൾ.

**اعلم أرشدك الله لطاعته: أن الحنيفية ملة إبراهيم، أن تعبد الله مخلصاً له الدين، وبذلك أمر الله جميع الناس، وخلقهم لها، كما قال تعالى: (وَمَا خَلَقْتُ الْجِنَّ وَالإِنْسَ إِلا لِيَعْبُدُونِ) [الذاريات: 56].**

നീ അറിയുക, അവനെ അനുസരിക്കുന്നതിലേക്ക് അല്ലാഹു നിനക്ക് വഴി കാണിക്കട്ടെ. ഋജുമാർഗ്ഗം ഇബ്രാഹീമിന്റെ മതമാണ്. അത് കീഴ്വണക്കം അല്ലാഹുവിന്ന് നിഷ്കളങ്കമാക്കിക്കൊണ്ട് അവനെ മാത്രം ആരാധിക്കുക എന്നതാണ്. അതുകൊണ്ടാണ് അല്ലാഹു മുഴുവൻ മനുഷ്യരോടും കല്പിച്ചതും അവരെ സൃഷ്ടിച്ചതും – അല്ലാഹു പറഞ്ഞത് പോലെ:

وَمَا خَلَقْتُ ٱلْجِنَّ وَٱلْإِنسَ إِلَّا لِيَعْبُدُونِ ﴿٥٦﴾

“ജിന്നുകളെയും മനുഷ്യരെയും എന്നെ ആരാധിക്കുവാൻ വേണ്ടിയല്ലാതെ ഞാൻ സൃഷ്ടിച്ചിട്ടില്ല.” (ദാരിയാത്ത്: 56)

**فإذا عرفت: أن الله خلقك لعبادته، فاعلم: أن العبادة لا تسمى عبادة، إلا مع التوحيد، كما أن الصلاة لا تسمى صلاة، إلا مع الطهارة؛ فإذا دخل الشرك في العبادة، فسدت، كالحدث إذا دخل في الطهارة،فإذا عرفت: أن الشرك إذا خالط العبادة أفسدها، وأحبط العمل، وصار صاحبه من الخالدين في النار؛ عرفت: أن أهم ما عليك معرفة ذلك، لعل الله أن يخلصك من هذه الشبكة، وهي الشرك بالله،الذي قال الله تعالى فيه (إِنَّ اللَّهَ لا يَغْفِرُ أَنْ يُشْرَكَ بِهِ وَيَغْفِرُ مَا دُونَ ذَلِكَ لِمَنْ يَشَاءُ) [النساء: 116] وذلك بمعرفة أربع قواعد، ذكرها الله في كتابه.**

അല്ലാഹു നിന്നെ സൃഷ്ടിച്ചത് അവന്ന് ഇബാദത്ത് ചെയ്യാനാണ് എന്ന തിരിച്ചറിവ് നിനക്ക് ഉണ്ടായിക്കഴിഞ്ഞാൽ, നീ അറിയുക: ഇബാദത്തിനെ തൌഹീദോട് കൂടിയല്ലാതെ ഇബാദത്ത് എന്ന് വിളിക്കപ്പെടുകയില്ല.– ശുദ്ധി യോട് കൂടെയല്ലാത്ത നമസ്കാരത്തെ നമസ്കാരം എന്ന് വിളിക്കപ്പെടാത്തത് പോലെ. ഇബാദത്തിൽ ശിർക്ക് കലർന്നാൽ അത് മലിനമായി – ശുദ്ധീകരണത്തിൽ മാലിന്യം കലർന്നാലെന്ന പോലെ.

ഇബാദത്തിൽ ശിർക്ക് കലർന്നാൽ അത് കുഴപ്പത്തിലാകും എന്നും അമലുകൾ എല്ലാം പൊളിഞ്ഞു പോകുമെന്നും അയാൾ നരകത്തിൽ നിത്യവാസിയാ കുമെന്നും നീ മനസ്സിലാക്കിക്കഴിഞ്ഞാൽ, അറിഞ്ഞു കൊള്ളുക – നിന്റെ മേൽ ഏറ്റവും മുഖ്യമായ കാര്യം, നിന്നെ മഹാ വിപത്തിൽ നിന്ന് രക്ഷിക്കാനുതകുന്ന അല്ലാഹുവിൽ പങ്ക് ചേർക്കുക എന്ന ശിർക്കിനെ നീ തിരിച്ചറിയുക എന്നതാണ്. അതിനെപ്പറ്റിയാണ് അല്ലാഹു പറഞ്ഞത്:

إِنَّ ٱللَّهَ لَا يَغۡفِرُ أَن يُشۡرَكَ بِهِۦ وَيَغۡفِرُ مَا دُونَ ذَٰلِكَ لِمَن يَشَآءُۚ

“തന്നോട് പങ്കുചേർക്കപ്പെടുക എന്നത് അല്ലാഹു പൊറുക്കുകയില്ല; തീർച്ച. അതൊഴിച്ചുള്ളത് അവൻ ഉദ്ദേശിക്കുന്നവർക്ക് അവൻ പൊറുത്തു കൊടുക്കുന്ന-താണ്.” (നിസാഅ്: 116)

അത് അല്ലാഹുവിന്റെ കിതാബിൽ പറഞ്ഞ നാല് അടിസ്ഥാന കാര്യങ്ങളെ അറിയിക്കുന്നു.

## ഒന്നാമത്തെ അടിസ്ഥാന തത്വം - القاعدة الأولى

أن تعلم أن الكفار الذين قاتلهم رسول الله صلى الله عليه وسلم –مقرون: بأن الله تعالى هو الخالق، الرازق، المدبر لجميع الأمور؛ وأن ذلك لم يدخلهم ذلك في الإسلام، والدليل قوله تعالى: (قُلْ مَنْ يَرْزُقُكُمْ مِنَ السَّمَاءِ وَالأَرْضِ أَمْ مَنْ يَمْلِكُ السَّمْعَ وَالأَبْصَارَ وَمَنْ يُخْرِجُ الْحَيَّ مِنَ الْمَيِّتِ وَيُخْرِجُ الْمَيِّتَ مِنَ الْحَيِّ وَمَنْ يُدَبِّرُ الأَمْرَ فَسَيَقُولُونَ اللَّهُ فَقُلْ أَفَلا تَتَّقُونَ) [يونس: 31].

നീ അറിയുക, അല്ലാഹുവിന്റെ റസൂൽ صلى الله عليه وسلم യുദ്ധം ചെയ്തതായ കാഫിറുകൾ അല്ലാഹു തആല സ്രഷ്ടാവാണെന്നും, ഉപജീവനം നല്കുന്നവനാണെന്നും, കാര്യങ്ങൾ നിയന്ത്രിക്കുന്നവനാണെന്നും അംഗീകരിച്ചിരുന്നു. എന്നാൽ അത് അവരെ ഇസ്‌ലാമിൽ പ്രവേശിപ്പിച്ചില്ല. അതിനുള്ള തെളിവ് അല്ലാഹുവിന്റെ ഈ വചനങ്ങളാണ്:

قُلْ مَن يَرْزُقُكُم مِّنَ ٱلسَّمَآءِ وَٱلْأَرْضِ أَمَّن يَمْلِكُ ٱلسَّمْعَ وَٱلْأَبْصَـٰرَ وَمَن يُخْرِجُ ٱلْحَىَّ مِنَ ٱلْمَيِّتِ وَيُخْرِجُ ٱلْمَيِّتَ مِنَ ٱلْحَىِّ وَمَن يُدَبِّرُ ٱلْأَمْرَ ۚ فَسَيَقُولُونَ ٱللَّهُ ۚ فَقُلْ أَفَلَا تَتَّقُونَ ﴿٣١﴾

"പറയുക: ആകാശത്തുനിന്നും ഭൂമിയിൽ നിന്നും നിങ്ങൾക്ക് ആഹാരം നൽകുന്നത് ആരാണ്? അതല്ലെങ്കിൽ കേൾവിയും കാഴ്ചകളും അധീനപ്പെടുത്തുന്നത് ആരാണ്? ജീവനില്ലാത്തതിൽ നിന്ന് ജീവനുള്ളതും, ജീവനുള്ളതിൽ നിന്ന് ജീവനില്ലാത്തതും പുറപ്പെടുവിക്കുന്നതും ആരാണ്? കാര്യങ്ങൾ നിയന്ത്രിക്കുന്നതും ആരാണ്? അവർ പറയും: അല്ലാഹു എന്ന്. അപ്പോൾ പറയുക: എന്നിട്ടും നിങ്ങൾ സൂക്ഷ്മത പാലിക്കുന്നില്ലേ?" (യൂനുസ്: 31).

## രണ്ടാമത്തെ അടിസ്ഥാന തത്വം - القاعدة الثانية

أنهم يقولون: ما دعوناهم وتوجهنا إليهم، إلا لطلب القربة، والشفاعة، فدليل القربة، قوله تعالى: (وَالَّذِينَ اتَّخَذُوا مِنْ دُونِهِ أَوْلِيَاءَ مَا نَعْبُدُهُمْ إلا لِيُقَرِّبُونَا إِلَى اللَّهِ زُلْفَى إِنَّ اللَّهَ يَحْكُمُ بَيْنَهُمْ فِي مَا هُمْ فِيهِ يَخْتَلِفُونَ إِنَّ اللَّهَ لا يَهْدِي مَنْ هُوَ كَاذِبٌ كَفَّارٌ) [الزمر: 3].

അവർ പറയുന്നു: ഞങ്ങൾ അവരിലേക്ക് തിരിയുന്നതും അവരോട് പ്രാർത്ഥിക്കുന്നതും അല്ലാഹുവിനോടുള്ള സാമീപ്യം അവരിലൂടെ സിദ്ധി-ക്കാനും ശഫാഅത്ത് ആഗ്രഹിച്ചു കൊണ്ടും മാത്രമാണ്.

അല്ലാഹുവിലേക്ക് ഔലിയാക്കളിലൂടെ സാമീപ്യം സിദ്ധിക്കാനാണ് എന്ന് അവർ വാദിച്ചിരുന്ന എന്നതിനുള്ള തെളിവ് അല്ലാഹുവിന്റെ ഈ വചനങ്ങളാണ്:

وَٱلَّذِينَ ٱتَّخَذُوا۟ مِن دُونِهِۦٓ أَوْلِيَآءَ مَا نَعْبُدُهُمْ إِلَّا لِيُقَرِّبُونَآ إِلَى ٱللَّهِ زُلْفَىٰٓ إِنَّ ٱللَّهَ يَحْكُمُ بَيْنَهُمْ فِى مَا هُمْ فِيهِ يَخْتَلِفُونَ ۗ إِنَّ ٱللَّهَ لَا يَهْدِى مَنْ هُوَ كَـٰذِبٌ كَفَّارٌ ﴿٣﴾

"അറിയുക: അവന്നു പുറമെ രക്ഷാധികാരികളെ സ്വീകരിച്ചവർ (പറയുന്നു:) അല്ലാഹുവിങ്കലേക്ക് ഞങ്ങൾക്ക് കൂടുതൽ അടുപ്പമുണ്ടാക്കിത്തരാൻ വേണ്ടി മാത്രമാകുന്നു ഞങ്ങൾ അവരെ ആരാധിക്കുന്നത്. അവർ ഏതൊരു കാര്യത്തിൽ ഭിന്നത പുലർത്തുന്നുവോ അതിൽ അല്ലാഹു അവർക്കിടയിൽ വിധികൽപിക്കുക തന്നെ ചെയ്യും. നുണയനും നന്ദി കെട്ടവനുമായിട്ടുള്ള-വനാരോ അവനെ അല്ലാഹു നേർവഴിയിലാക്കുകയില്ല; തീർച്ച." (സുമർ: 3).

**ودليل الشفاعة، قوله تعالى: (وَيَعْبُدُونَ مِنْ دُونِ اللَّهِ مَا لا يَضُرُّهُمْ وَلا يَنْفَعُهُمْ وَيَقُولُونَ هَؤُلاءِ شُفَعَاؤُنَا عِنْدَ اللَّهِ) [يونس: 18].**

ശുപാർശക്ക് വേണ്ടിയാണ് എന്ന് അവർ വാദിച്ചിരുന്ന എന്നതിനുള്ള തെളിവ് അല്ലാഹുവിന്റെ ഈ വചനങ്ങളാണ്:

وَيَعۡبُدُونَ مِن دُونِ ٱللَّهِ مَا لَا يَضُرُّهُمۡ وَلَا يَنفَعُهُمۡ وَيَقُولُونَ هَٰٓؤُلَآءِ شُفَعَٰٓؤُنَا عِندَ ٱللَّهِۚ

"അല്ലാഹുവിന് പുറമെ, അവർക്ക് ഉപദ്രവമോ ഉപകാരമോ ചെയ്യാത്തതിനെ അവർ ആരാധിച്ച് കൊണ്ടിരിക്കുന്നു. ഇവർ (ആരാധ്യർ) അല്ലാഹുവിന്റെ അടുക്കൽ ഞങ്ങൾക്കുള്ള ശുപാർശക്കാരാണ് എന്ന് പറയുകയും ചെയ്യുന്നു." (യൂനുസ്: 18).

**والشفاعة: شفاعتان؛ شفاعة: منفية؛ وشفاعة مثبتة.**

ശഫാഅത്ത് രണ്ട് തരമുണ്ട്: വിരോധിക്കപ്പെട്ട ശഫാഅത്തും സ്ഥിരീകരിക്കപ്പെട്ട ശഫാഅത്തും.

**فالشفاعة المنفية، ما كانت تطلب من غير الله، فيما لا يقدر عليه إلا الله؛ والدليل قوله تعالى: (يَا أَيُّهَا الَّذِينَ آمَنُوا أَنْفِقُوا مِمَّا رَزَقْنَاكُمْ مِنْ قَبْلِ أَنْ يَأْتِيَ يَوْمٌ لا بَيْعٌ فِيهِ وَلا خُلَّةٌ وَلا شَفَاعَةٌ وَالْكَافِرُونَ هُمُ الظَّالِمُونَ) [البقرة: 254].**

വിരോധിക്കപ്പെട്ട ശഫാഅത്ത്:

അല്ലാഹു അല്ലാത്തവർക്കൊന്നും കഴിയാത്ത കാര്യം അല്ലാഹു അല്ലാത്തവരോട് ചോദിക്കുക.

അതിനുള്ള തെളിവ്:

يَـٰٓأَيُّهَا ٱلَّذِينَ ءَامَنُوٓا۟ أَنفِقُوا۟ مِمَّا رَزَقْنَـٰكُم مِّن قَبْلِ أَن يَأْتِىَ يَوْمٌ لَّا بَيْعٌ فِيهِ وَلَا خُلَّةٌ وَلَا شَفَـٰعَةٌ ۗ وَٱلْكَـٰفِرُونَ هُمُ ٱلظَّـٰلِمُونَ ﴿٢٥٤﴾

“സത്യവിശ്വാസികളേ, ക്രയവിക്രയമോ സ്നേഹബന്ധമോ ശുപാർശയോ നടക്കാത്ത ഒരു ദിവസം വന്നെത്തുന്നതിനു മുമ്പായി, നിങ്ങൾക്ക് നാം നൽകിയിട്ടുള്ളതിൽ നിന്ന് നിങ്ങൾ ചെലവഴിക്കുവിൻ. സത്യനിഷേധികൾ തന്നെയാകുന്നു അക്രമികൾ.” (അൽ-ബഖറ: 254).

**والشفاعة المثبتة، هي: التي تطلب من الله، والشافع: مكرم بالشفاعة؛ والمشفوع له: من رضي الله قوله وعمله، بعد الإذن؛ كما قال تعالى: ﴿مَنْ ذَا الَّذِي يَشْفَعُ عِنْدَهُ إِلا بِإِذْنِهِ﴾ [البقرة: 255].**

സ്ഥിരീകരിക്കപ്പെട്ട ശഫാഅത്ത്:

അത് അല്ലാഹുവിൽ നിന്ന് തേടുന്നതാണ്. ശുപാർശ നടത്തുന്നയാൾ ശുപാർശയാൽ ആദരിക്കപ്പെട്ടവനാണ്. ആർക്ക് വേണ്ടിയാണോ ശുപാർശ നടത്തുന്നത് അയാളുടെ വാക്കും പ്രവൃത്തിയും കൊണ്ട് അല്ലാഹുവിന്ന് തൃപ്തിയും ഉണ്ടായിരിക്കണം. ശുപാർശ അല്ലാഹുവിന്റെ അനുമതി പ്രകാരവും ആയിരിക്കണം.

അല്ലാഹു പറഞ്ഞത് പോലെ:

مَن ذَا ٱلَّذِى يَشْفَعُ عِندَهُۥٓ إِلَّا بِإِذْنِهِۦ ۚ

“അവന്റെ അനുവാദപ്രകാരമല്ലാതെ അവന്റെയടുക്കൽ ശുപാർശ നടത്താൻ ആരുണ്ട് ?” (അൽ-ബഖറ: 255).

## മൂന്നാമത്തെ അടിസ്ഥാന തത്വം - القاعدة الثالثة

**أن النبي صلى الله عليه وسلم ظهر على أناس متفرقين في عباداتهم؛ منهم: من يعبد الملائكة؛ ومنهم: من يعبد الأنبياء والصالحين؛ ومنهم: من يعبد الأشجار والأحجار؛ ومنهم من يعبد الشمس والقمر؛ وقاتلهم رسول الله صلى الله عليه وسلم ولم يفرق بينهم؛ والدليل قوله تعالى: (وَقَاتِلُوهُمْ حَتَّى لا تَكُونَ فِتْنَةٌ وَيَكُونَ الدِّينُ كُلُّهُ لِلَّهِ) [الأنفال: 39].**

നബി صلى الله عليه وسلم അഭിമുഖീകരിച്ചത് ഇബാദത്തിൽ വ്യത്യസ്തത പുലർത്തുന്ന ഒരു വിഭാഗത്തെയാണ്. –അവരിൽ മലക്കുകൾക്ക് ആരാധന അർപ്പിക്കുന്നവരുണ്ടായിരുന്നു. നബിമാരേയും സ്വാലിഹീങ്ങളെയും ആരാധിക്കുന്നവരുണ്ടായിരുന്നു. മരങ്ങളേയും കല്ലുകളേയും ആരാധിക്കുന്നവരുണ്ടായിരുന്നു. സൂര്യനേയും ചന്ദ്രനേയും ആരാധിക്കുന്നവരുണ്ടായിരുന്നു.

നബി صلى الله عليه وسلم അവർ എല്ലാവരുമായും ഏറ്റുമുട്ടി. –ഒരു തരം തിരിക്കലും കൂടാതെ. അതിനുള്ള തെളിവ് അല്ലാഹുവിന്റെ ഈ വചനങ്ങളാണ്:

وَقَٰتِلُوهُمْ حَتَّىٰ لَا تَكُونَ فِتْنَةٌ وَيَكُونَ ٱلدِّينُ كُلُّهُۥ لِلَّهِ

"ഫിത്ന (ശിർക്ക്) ഇല്ലാതാവുകയും മതം മുഴുവൻ അല്ലാഹുവിന് വേണ്ടിയാകുകയും ചെയ്യുന്നത് വരെ നിങ്ങൾ അവരോട് യുദ്ധം ചെയ്യുക." (അൻഫാൽ: 39).

فدليل الشمس والقمر، قوله تعالى: (وَمِنْ آيَاتِهِ اللَّيْلُ وَالنَّهَارُ وَالشَّمْسُ وَالْقَمَرُ لا تَسْجُدُوا لِلشَّمْسِ وَلا لِلْقَمَرِ وَاسْجُدُوا لِلَّهِ الَّذِي خَلَقَهُنَّ إِنْ كُنْتُمْ إِيَّاهُ تَعْبُدُونَ) [فصلت: 37].

അവർ സൂര്യനേയും ചന്ദ്രനേയും ആരാധിച്ചിരുന്നു, എന്നതിന്റെ തെളിവ് അല്ലാഹുവിന്റെ ഈ വചനങ്ങളാണ്:

وَمِنْ ءَايَـٰتِهِ ٱلَّيْلُ وَٱلنَّهَارُ وَٱلشَّمْسُ وَٱلْقَمَرُ ۚ لَا تَسْجُدُوا۟ لِلشَّمْسِ وَلَا لِلْقَمَرِ وَٱسْجُدُوا۟ لِلَّهِ ٱلَّذِى خَلَقَهُنَّ إِن كُنتُمْ إِيَّاهُ تَعْبُدُونَ ﴿٣٧﴾

"അവന്റെ ദൃഷ്ടാന്തങ്ങളിൽ പെട്ടതത്രെ രാവും പകലും സൂര്യനും ചന്ദ്രനും. സൂര്യന്നോ, ചന്ദ്രന്നോ നിങ്ങൾ പ്രണാമം ചെയ്യരുത്. അവയെ സൃഷ്ടിച്ചവനായ അല്ലാഹുവിന്ന് നിങ്ങൾ പ്രണാമം ചെയ്യുക; നിങ്ങൾ അവനെയാണ് ആരാധിക്കുന്നതെങ്കിൽ." (ഫുസ്സിലത്ത്: 37).

ودليل الملائكة، قوله تعالى: (وَلا يَأْمُرَكُمْ أَنْ تَتَّخِذُوا الْمَلائِكَةَ وَالنَّبِيِّينَ أَرْبَابًا) [الآل عمران: 80]

മലക്കുകളെ അവർ ആരാധിച്ചിരുന്നു എന്നതിന്റെ തെളിവ് അല്ലാഹുവിന്റെ ഈ വചനങ്ങളാണ്:

وَلَا يَأْمُرَكُمْ أَن تَتَّخِذُوا۟ ٱلْمَلَـٰٓئِكَةَ وَٱلنَّبِيِّـۧنَ أَرْبَابًا ۗ

"മലക്കുകളെയും പ്രവാചകൻമാരെയും നിങ്ങൾ രക്ഷിതാക്കളായി സ്വീകരിക്കണമെന്ന് അദ്ദേഹം നിങ്ങളോട് കൽപക്കുകയുമില്ല." (ആലു-ഇംറാൻ: 80).

**ودليل الأنبياء، قوله تعالى: ﴿وَإِذْ قَالَ اللَّهُ يَا عِيسَى ابْنَ مَرْيَمَ أَأَنْتَ قُلْتَ لِلنَّاسِ اتَّخِذُونِي وَأُمِّيَ إِلَهَيْنِ مِنْ دُونِ اللَّهِ﴾ الآيه [المائدة: 116].**

അമ്പിയാക്കളെ അവർ ആരാധിച്ചിരുന്നു എന്നതിന്റെ തെളിവ് അല്ലാഹുവിന്റെ ഈ വചനങ്ങളാണ്:

وَإِذْ قَالَ ٱللَّهُ يَـٰعِيسَى ٱبْنَ مَرْيَمَ ءَأَنتَ قُلْتَ لِلنَّاسِ ٱتَّخِذُونِى وَأُمِّىَ إِلَـٰهَيْنِ مِن دُونِ ٱللَّهِ ۖ

''അല്ലാഹു പറയുന്ന സന്ദർഭവും (ശ്രദ്ധിക്കുക.) മർയമിന്റെ മകൻ ഈസാ, അല്ലാഹുവിന് പുറമെ എന്നെയും, എൻറെ മാതാവിനെയും ദൈവങ്ങളാക്കി-ക്കൊള്ളുവിൻ. എന്ന് നീയാണോ ജനങ്ങളോട് പറഞ്ഞത്?'' (മാഇദ: 116).

**ودليل الصالحين، قوله تعالى: ﴿أُولَئِكَ الَّذِينَ يَدْعُونَ يَبْتَغُونَ إِلَى رَبِّهِمُ الْوَسِيلَةَ أَيُّهُمْ أَقْرَبُ وَيَرْجُونَ رَحْمَتَهُ وَيَخَافُونَ عَذَابَهُ﴾ [الإسراء: 57].**

സ്വാലിഹീങ്ങളെ അവർ ആരാധിച്ചിരുന്നു എന്നതിന്റെ തെളിവ് അല്ലാഹുവിന്റെ ഈ വചനങ്ങളാണ്:

أُو۟لَـٰٓئِكَ ٱلَّذِينَ يَدْعُونَ يَبْتَغُونَ إِلَىٰ رَبِّهِمُ ٱلْوَسِيلَةَ أَيُّهُمْ أَقْرَبُ وَيَرْجُونَ رَحْمَتَهُۥ وَيَخَافُونَ عَذَابَهُۥٓ ۚ

''അവർ വിളിച്ച് പ്രാർത്ഥിച്ചുകൊണ്ടിരിക്കുന്നത് ആരെയാണോ അവർ തന്നെ തങ്ങളുടെ രക്ഷിതാവിങ്കലേക്ക് സമീപനമാർഗം തേടിക്കൊണ്ടിരിക്കുക-യാണ്. അതെ, അവരുടെ കൂട്ടത്തിൽ അല്ലാഹുവോട് ഏറ്റവും അടുത്തവർ തന്നെ (അപ്രകാരം തേടുന്നു.) അവർ അവന്റെ കാരുണ്യം ആഗ്രഹിക്കുകയും അവന്റെ ശിക്ഷ ഭയപ്പെടുകയും ചെയ്യുന്നു.'' (ഇസ്റാഅ്: 57).

**ودليل الأشجار، والأحجار، قوله تعالى: (أَفَرَأَيْتُمُ اللاتَ وَالْعُزَّى؛ وَمَنَاةَ الثَّالِثَةَ الأُخْرَى) [النجم: 19 – 20].**

മരങ്ങളേയും കല്ലുകളേയും ആരാധിച്ചിരുന്ന എന്നതിന്റെ തെളിവ് അല്ലാഹുവിന്റെ ഈ വചനങ്ങളാണ്:

أَفَرَءَيْتُمُ ٱللَّٰتَ وَٱلْعُزَّىٰ ﴿١٩﴾ وَمَنَوٰةَ ٱلثَّالِثَةَ ٱلْأُخْرَىٰٓ ﴿٢٠﴾

"ലാത്തയെയും ഉസ്സയെയും പറ്റി നിങ്ങൾ ചിന്തിച്ച നോക്കിയിട്ടുണ്ടോ? വേറെ മൂന്നാമതായുള്ള മനാത്തയെ പറ്റിയും" (നജ്മ്: 19, 20).

**وحديث أبي واقد الليثي رضي الله عنه، قال: خرجنا مع رسول الله صلى الله عليه وسلم إلى حنين، ونحن حدثاء عهد بكفر، وللمشركين سدرة، يعكفون عندها، وينوطون بها أسلحتهم، يقال لها ذات أنواط، فمررنا بسدرة، فقلنا: يا رسول الله، اجعل لنا ذات أنواط، كما لهم ذات أنواط؛ فقال؛ رسول الله صلى الله عليه وسلم: "الله أكبر، إنها السنن، قلتم والذي نفسي بيده، كما قالت بنو إسرائيل لموسى "، (اجعل لنا إلهاً كما لهم آلهة قال إنكم قوم تجهلون، إن هؤلاء متبر ما هم فيه وباطل ما كانوا يعملون) [الأعراف: 138 – 139]**

അബീ വാഖിദ് അല്ലയ്സിയ്യ് رضي الله عنه വിൽ നിന്ന് ഉദ്ധരിക്കപ്പെടുന്ന നബി صلى الله عليه وسلم യുടെ ഹദീസും അതിന് തെളിവാണ്:

ഞങ്ങൾ നബി صلى الله عليه وسلم യുടെ കൂടെ ഹുനൈൻ യുദ്ധത്തിന് പുറപ്പെട്ടു. ഞങ്ങൾ കുഫ്റിൽ നിന്ന് അടുത്ത കാലത്ത് വിട്ടു പിരിഞ്ഞിട്ടേ ഉണ്ടായിരുന്നുള്ളൂ. മുശ്രിക്കുകൾക്ക് 'ദാത്തു അൻവാത്ത്' എന്ന് വിളിക്കപ്പെട്ടിരുന്ന ഒരു വൃക്ഷമുണ്ടായിരുന്നു. അവർ അതിനെ വണങ്ങുകയും അതിൽ വാളുകൾ തൂക്കിയിടുകയും ചെയ്യാറുണ്ടായിരുന്നു. ഞങ്ങൾ വൃക്ഷത്തിന്റെ അടുത്തു കൂടെ നടന്നു കൊണ്ടിരിക്കുമ്പോൾ ഞങ്ങൾ നബി صلى الله عليه وسلم യോട് പറഞ്ഞു: അല്ലാഹുവിന്റെ റസൂലേ, അവർക്ക് 'ദാത്തു അൻവാത്ത്' ഉള്ളത് പോലെ ഞങ്ങൾക്കും ഒരു 'ദാത്തു അൻവാത്ത്' ആക്കിത്തരേണമേ!

അവിടുന്ന് ( صلى الله عليه وسلم ) പറഞ്ഞു: അല്ലാഹു അക്ബർ! എന്റെ ആത്മാവ് ആരുടെ കയ്യിലാണോ അവൻ തന്നെയാണ് സത്യം – ഇതാണ് (ശിർക്കിലേക്കുള്ള) വഴികൾ. നിങ്ങൾ പറഞ്ഞത് ഇസ്രായീൽ സന്തതികൾ മൂസാ عليه السلام നോട് പറഞ്ഞത് പോലിരിക്കുന്നു.

“അവർ പറഞ്ഞു: ഹേ; മൂസാ, ഇവർക്ക് ദൈവങ്ങളുള്ളത് പോലെ ഞങ്ങൾക്കും ഒരു ദൈവത്തെ നീ ഏർപെടുത്തിത്തരണം. അദ്ദേഹം പറഞ്ഞു: തീർച്ചയായും നിങ്ങൾ വിവരമില്ലാത്ത ഒരു ജനവിഭാഗമാകുന്നു.” (അഅ്റാഫ്: 138).

(തുർമുദി: 2180, അഹ്മദ്: 5/218).

## നാലാമത്തെ അടിസ്ഥാന തത്വം - القاعدة الرابعة

**أن مشركي زماننا، أغلظ شركاً من الأولين، لأن الأولين يشركون في الرخاء؛ويخلصون في الشدة، ومشركي زماننا: شركهم دائم، في الرخاء والشدة؛ والدليل قوله تعالى: ﴿فَإِذَا رَكِبُوا فِي الْفُلْكِ دَعَوُا اللَّهَ مُخْلِصِينَ لَهُ الدِّينَ فَلَمَّا نَجَّاهُمْ إِلَى الْبَرِّ إِذَا هُمْ يُشْرِكُونَ﴾ [العنكبوت: 65].**

ഇന്നത്തെ കാലത്തെ മുശ്രിക്കുകൾ ശിർക്കിൽ അന്നത്തെ മുശ്രിക്കുകളേക്കാൾ അതിര് കവിഞ്ഞവരാണ്. എന്തു കൊണ്ടെന്നാൽ അന്നത്തെ മുശ്രിക്കുകൾ അല്ലാഹുവിൽ പങ്ക് ചേർത്തിരുന്നത് സ്വസ്ഥതയുള്ളപ്പോൾ ആയിരുന്നു. ഇന്നത്തെ മുശ്രിക്കുകൾ അല്ലാഹുവിൽ പങ്കു ചേർക്കുന്നത് എല്ലാ കാലത്തുമാണ് – സ്വസ്ഥതയിലും പ്രയാസത്തിലും. അതിനുള്ള തെളിവ് അല്ലാഹുവിന്റെ ഈ വചനങ്ങളാണ്:

فَإِذَا رَكِبُوا۟ فِى ٱلْفُلْكِ دَعَوُا۟ ٱللَّهَ مُخْلِصِينَ لَهُ ٱلدِّينَ فَلَمَّا نَجَّىٰهُمْ إِلَى ٱلْبَرِّ إِذَا هُمْ يُشْرِكُونَ ﴿٦٥﴾

“എന്നാൽ അവർ (ബഹുദൈവാരാധകർ) കപ്പലിൽ കയറിയാൽ കീഴ്വണക്കം അല്ലാഹുവിന് നിഷ്കളങ്കമാക്കികൊണ്ട് അവനെ വിളിച്ച് പ്രാർത്ഥിക്കും. എന്നിട്ട് അവരെ അവൻ കരയിലേക്ക് രക്ഷപ്പെടുത്തിയപ്പോഴോ അവരതാ (അവനോട്) പങ്കുചേർക്കുന്നു.” (അൻകബൂത്ത്: 65).

**فعلى هذا: الداعي عابد؛ والدليل قوله تعالى: ﴿وَمَنْ أَضَلُّ مِمَّنْ يَدْعُو مِنْ دُونِ اللَّهِ مَنْ لا يَسْتَجِيبُ لَهُ إِلَى يَوْمِ الْقِيَامَةِ وَهُمْ عَنْ دُعَائِهِمْ غَافِلُونَ﴾ [الأحقاف: 5].**

ഇതിന്റെ അടിസ്ഥാനത്തിൽ ഇപ്രകാരം പ്രാർത്ഥിക്കുന്നവൻ ഇബാദത്ത് ചെയ്യുന്നവൻ തന്നെയാണ്. അതിനുള്ള തെളിവ് അല്ലാഹുവിന്റെ ഈ വചനങ്ങളാണ്:

وَمَنْ أَضَلُّ مِمَّن يَدْعُواْ مِن دُونِ ٱللَّهِ مَن لَّا يَسْتَجِيبُ لَهُۥٓ إِلَىٰ يَوْمِ ٱلْقِيَـٰمَةِ وَهُمْ عَن دُعَآئِهِمْ غَـٰفِلُونَ ۝٥

“അല്ലാഹുവിനു പുറമെ, ഉയിർത്തെഴുന്നേൽപ്പിന്റെ നാളുവരെയും തനിക്ക് ഉത്തരം നൽകാത്തവരെ വിളിച്ചു പ്രാർത്ഥിക്കുന്നവനേക്കാൾ വഴിപിഴച്ചവൻ ആരുണ്ട്? അവരാകട്ടെ ഇവരുടെ പ്രാർത്ഥനയെപ്പറ്റി ബോധമില്ലാത്ത-വരാകുന്നു.” (അഹ്ഖാഫ്: 5).

**والله أعلم، وصلى الله على محمد، وعلى آله وصحبه وسلم.**

അല്ലാഹുവാണ് ഏറ്റവും അറിയുന്നവൻ.

മുഹമ്മദ് നബി صلى الله عليه وسلم യുടെയും അവിടുത്തെ കുടുംബത്തിന്റെയും സ്വഹാബികളുടെയും മേൽ, അല്ലാഹുവിന്റെ സ്വലാത്തും സലാമും ഉണ്ടാകട്ടെ.

വിവർത്തനം: അബൂ നിയാസ്.